**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 111** **02.03.2017 ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്കൂൾ കലോത്സവം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, സി. ദിവാകരൻ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, മുഹമ്മദ് മുഹസിൻ.പി** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിലുണ്ടായ അപ്പീൽ ബാഹുല്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (എ) | ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണക്കമ്മിറ്റി 10.11.2016 ലെ സ.ഉ (കൈ) നം. 188/ 2016/പൊ.വി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അടുത്ത കലോത്സവത്തിന് മുമ്പായി നിലവിലുള്ള കലോത്സവ മാന്വൽ പൂർണ്ണമായും പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീൽ ബാഹുല്യം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഈ കമ്മിറ്റി പരിശോധിക്കുന്നതാണ്. |
| (ബി) | സംസ്ഥാന സ്കൂൾ കലോത്സവത്തിന് നൽകുന്ന പ്രാധാന്യം ജില്ല, സബ് ജില്ല മത്സരങ്ങൾക്ക് നൽകി അവിടങ്ങളിലെ വിധിനിർണ്ണയം കുറ്റമറ്റതാക്കി അപ്പീലുകളുടെ എണ്ണം കുറയ്ക്കാനാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഈ വിഷയം സംബന്ധിച്ച് മാന്വൽ പരിഷ്കരണ കമ്മിറ്റി വിശദമായി പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സ്കൂൾ കലോത്സവ വിധിനിർണ്ണയം വിജിലൻസിന്റെ നിരീക്ഷണത്തിൽ നടത്തിയത് കാര്യക്ഷമമായിരുന്നോ; ഭാവിയിലും വിധി നിർണ്ണയം നീതിയുക്തമെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വിധി നിർണ്ണയത്തിൽ ആരോപണ വിധേയരായ വിധികർത്താക്കൾക്കെതിരെ കേരള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. വിധിനിർണ്ണയം നീതിയുക്തമായി നടത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |

Hadeena

സെക്ഷൻ ഓഫീസർ